5065
8/5/15

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

**GOVERNMENT OF KERALA**

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് (നോർത്തേൺ റീജിയൺ) അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ നിന്നും വനം വകുപ്പാസ്ഥാന ഓഫീസിലേയ്ക്ക് പുനർ വിന്യസിച്ച ഒരു എൽ.ഡി.ക്ലാർക്ക് തസ്തിക കണ്ണൂർ വനം ഡിവിഷനിലേയ്ക്ക് മാറ്റി സ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം. 187/2015/വനം തീയതി, തിരുവനന്തപുരം, 05/05/2015

പരാമർശം: 1. സ.ഉ(സാധാ) നം.509/2011/വനം തീയതി 28/11/2011.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 20/9/2014, 04/04/2015 തീയതികളിലെ ഇ 3-6323/11 നമ്പർ കത്ത്.

ഉത്തരവ്

വന്യജീവി ആക്രമണം കാരണമുള്ള അപേക്ഷകളുടെയും മരാധിഷ്ഠിത വ്യവസായങ്ങളുടെ ലൈസൻസ് അപേക്ഷകളുടെ ബാഹുല്യവും വനഭൂമിയോട് ചേർന്നു കിടക്കുന്ന ഭൂമിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അപേക്ഷ എന്നിവ അനുവദിക്കുന്നതിലെ നടപടിക്രമങ്ങളുടെ സങ്കീർണ്ണത, വ്യത്യസ്ത കോടതികളിൽ പെൻഡിംഗ് ആയിട്ടുള്ള കേസുകളുടെ ബാഹുല്യം എന്നിവയാൽ അമിത ജോലി ഭാരം അനുഭവപ്പെടുന്ന കണ്ണൂർ ഫോറസ്റ്റ് ഡിവിഷനിലേക്ക് കോഴിക്കോട് നോർത്തേൺ റീജിയണൽ അഡീഷണൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ നിന്നും വനം വകുപ്പാസ്ഥാന ഓഫീസിലേയ്ക്ക് പുനർ വിന്യസിച്ച ഒരു എൽ.ഡി.ക്ലാർക്ക് തസ്തിക മാറ്റി സ്ഥാപിച്ച് ഉത്തരവാകണമെന്ന് പരാമർശിത കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് (നോർത്തേൺ റീജിയൺ) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ ഓഫീസിൽ നിന്നും വനം വകുപ്പാസ്ഥാന ഓഫീസിലേക്ക് പുനർവിന്യസിച്ച ഒരു ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തിക കണ്ണൂർ ഡിവിഷനാഫീസിലേക്ക് മാറ്റി സ്ഥാപിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.വി.സുധീർ**
**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)
തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ റീജിയണൽ) , കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂമീഡിയ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ